**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ-2016-17-വാർഷികപദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ അംഗീകിരച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. **2168/2016**/തസ്വഭവ തീയതി, തിരുവനന്തപുരം : **19.07.2016**

പരാമർശം :- 20.06.2016 -ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

## **ഉത്തരവ്**

പരാമർശ തീരുമാന പ്രകാരം ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2015-16 സാമ്പത്തിക വർഷം സർക്കാർ ഉത്തരവു പ്രകാരം ഏറ്റെടുത്ത പ്രോജക്ടുകളിൽ സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകളിൽ (ഉദാ. റാമ്പ് നിർമ്മാണം) ബന്ധപ്പെട്ട എഞ്ചിനീയർമാർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കിയതിനാൽ പ്രസ്തുത പ്രോജക്ടുകൾക്ക് വെറ്റിംഗ് നിർബന്ധമില്ല.

2. ജില്ലാ ആസൂത്രണ സമിതി പുന:സംഘടിപ്പിച്ച് ആദ്യയോഗം കൂടുന്നതുവരെ നിലവിലുള്ള അഡ്ഹോക്ക് ഡി.പി.സി.ക്ക് സാധുതയുണ്ടായിരിക്കുന്നതാണ്.

3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തുന്ന തനതു ഫണ്ടിന്റെ തുക മുൻവർഷം ചിലവായതിന്റെ 10 ശതമാന ത്തിൽ അധികരിക്കാൻ പാടില്ല. തനതു ഫണ്ട് വകയിരുത്തുന്ന പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തി പദ്ധതി വിഹിതം വിനിയോഗിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി അനിവാര്യമാണ്.

4. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയെ പ്ലാൻ കോർഡിനേറ്ററായും പ്രസ്തുത തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് എന്നിവർക്ക് പ്രസ്തുത ചുമതല നൽകേണ്ടതാണ്.

5. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ ഒഴിവുള്ള തസ്തികകളിൽ പദ്ധതി ആസൂത്രണ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ വികസന ഓഫീസർ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർ, പ്രോജക്ട് ഓഫീസർ (പി.എ.യു) തുടങ്ങിയ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് ഭേദഗതി (streamline) നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം .
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .
ഡയറക്ടർ, പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം .
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
ഡയറക്ടർ, കൃഷി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**